ദേശീയ അന്ധതാ നിവാരണ പദ്ധതി

10 (*158) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. സി. കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുള്ള ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടംവരെയായി എന്നു വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾനേടിയെടുക്കാൻ എത്രത്തോളം സാധിച്ചുവെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേത്ര ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ താലൂക്ക് ആശുപത്രികൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമുള്ളത്ര ഓഫ്താൽമിക് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(എഫ്) സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ നേത്ര ചികിത്സാ രംഗത്ത് ആധുനിക ചികിത്സാ രീതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാകളക്ടർ ചെയർമാനും, ജില്ലാ മെഡിക്കൽ ഓഫീസർ വൈസ് ചെയർമാനുമായി ജില്ലാ അന്ധതാ നിയന്ത്രണ സൊസൈറ്റി പ്രവർത്തിച്ചുവരുന്നു. കരാറടിസ്ഥാനത്തിൽ ജില്ലാ പ്രോഗ്രാം മാനേജർമാരെ ദൈനംദിന പ്രവർത്തനങ്ങൾക്കായി നിയമിച്ചിരുന്നു. ഇപ്പോൾ ഈ ചുമതല ഡെപ്യൂട്ടി ഡി. എം. ഒ. മാർക്ക് നൽകിയിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിലയിരുത്തിയിട്ടുണ്ട്. 2000-2001 വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ എട്ടു ജില്ലകളിൽ നടത്തിയ അന്ധതരുടെ കണക്കെടുപ്പ് കാണിക്കുന്നത് രണ്ട് കണ്ണുകൾക്കും കാഴ്ച നഷ്ടപ്പെട്ട 0.14 ശതമാനം ആളുകൾ ശസ്ത്രക്രിയ ചെയ്ത് കാഴ്ച തിരിച്ചു കിട്ടാവുന്നവരാണ്. ദേശീയ തലത്തിൽ 1.49 ശതമാനം പേർക്ക് അന്ധതയുണ്ട്. ദേശീയ തലത്തിൽ 0.3 ശതമാനം എന്ന തോതിൽ കുറച്ചുകൊണ്ടുവരാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിൽ കേരളത്തിൽ 0.14 ശതമാനം ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു.

(സി) 23 പ്രൈമറി ഹെൽത്ത് സെന്ററിലും, 11 താലൂക്ക് ആശുപത്രികളിലും നേത്രവിഭാഗം തുടങ്ങി. കൂടാതെ രണ്ടു സഞ്ചരിക്കുന്ന നേത്രവിഭാഗം തുടങ്ങി. നിലവിലുള്ള നേത്ര വിഭാഗങ്ങൾക്ക് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നേത്രരോഗ വിദഗ്ധരെ ആധുനിക ശസ്ത്രക്രിയയിൽ പരിശീലനത്തിന് സംസ്ഥാനത്തിന് പുറത്ത് അയച്ചു.

(ഡി) ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും നിയമനം നടത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താത്ക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) ഓരോ യൂണിറ്റിനും നേത്രരോഗ വിദഗ്ധരെയും ക്യാമ്പ് കോ-ഓർഡിനേറ്റർ, ഓഫ്താൽമിക് അസിസ്റ്റന്റ് തുടങ്ങിയ വിദഗ്ധരെയും നിയമിച്ചു പ്രവർത്തിക്കുന്നു. പ്രവർത്തനം എല്ലാമാസവും വിലയിരുത്തുന്നു.

(എഫ്) മഞ്ചേരിയിൽ ഒരു രണ്ടാം യൂണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും ഘട്ടം ഘട്ടമായി വ്യാപിപ്പിച്ച് എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ജി) ആധുനിക ഓപ്പറേറ്റിംഗ് മൈക്രോസോഫ്ട് ഉപയോഗിച്ചുള്ള ശാസ്ത്രക്രിയകളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ലെൻസ് ഉള്ളിൽ വച്ചുള്ള ശാസ്ത്രക്രിയയും നടത്തിവരുന്നു.

പ്രവാസി ക്ഷേമ പദ്ധതി

11 (*159) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറുനാടൻ മലയാളികൾക്കും പ്രവാസികൾക്കുമായി എന്തെങ്കിലും സുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly